# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2617 12.02.2019 ൽ മറുപടിയ്ക്ക്

വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ്<br>,, സി. കെ. ശശീന്ദ്രൻ<br>,, കെ.ജെ. മാക്സി<br>,, കാരാട്ട് റസാഖ് : | | മറുപടി<br>അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജൈവ വൈവിധ്യ സംരക്ഷണത്തിനും സംരക്ഷിത പാർക്കുകളുടെ മാനേജ്മെന്റിനും കേന്ദ്ര സഹായത്തോടെ നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇന്ത്യയുടെ ഭാഗമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) | കേന്ദ്ര സഹായത്തോടെ നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇന്ത്യയുടെ ഭാഗമായി സംസ്ഥാന ത്ത് നടപ്പാക്കിവരുന്ന പദ്ധതി യാണ് ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി. രാജ്യത്തെ വന സമ്പത്ത് വർദ്ധിപ്പിക്കുക, പരിസ്ഥിതി സംര ക്ഷിക്കുക, വനങ്ങളുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുക, സോഷ്യൽ ഫോറസ്ട്രി-അഗ്രോ ഫോറസ്ട്രി പ്രവർത്തനങ്ങൾ വിപുലീകരിക്കുക, തണ്ണീർതടങ്ങൾ സംരക്ഷിക്കുക എന്നിവയാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അതോടൊപ്പം ജനങ്ങളുടെ ജീവിതനിലവാര വർദ്ധനവ്, കാവുസംരക്ഷണം, ജലസ്രോതസ്സു കളുടെ സംരക്ഷണം, പ്രകൃതി ജന്യമായ ഇന്ധനങ്ങളുടെ ഉപയോഗത്തെ പ്രോൽസാഹി പ്പിക്കൽ തുടങ്ങിയവയും ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനായി പരമാവധി കാർബൺ സംഭരണത്തോടൊപ്പം ജൈവ വൈവിധ്യം, ജലം, ജൈവപിണ്ഡം തുടങ്ങിയ പാരിസ്ഥിതിക സേവന ങ്ങൾക്ക് പ്രാമുഖ്യം നൽകികൊ ണ്ടുള്ള സമഗ്രമായ ഹരിത വൽക്കരണത്തിന് ഊന്നൽ നൽകികൊണ്ടാണ് ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി രാജ്യത്ത് നടപ്പാക്കി വരുന്നത്. |

പദ്ധതിയുടെ ടി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് 5 ഉപദൗത്യങ്ങളിലായി താഴെപ്പറയുന്ന കാര്യങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്.

1) പ്രക്ഷീണ വനങ്ങളുടെ ഗുണമേൻമ ഉയർത്തി അവ നൽകുന്ന പാരിസ്ഥിതിക സേവനങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ശോഷണവിധേയ മായ ഇടതൂർന്ന വനം, നാമ മാത്രമായ വനാവരണമുള്ള പ്രക്ഷീണവനം , പുൽമേട്ടുകൾ എന്നിവിടങ്ങളിൽ നിർദ്ദിഷ്ട പ്രവർത്തനങ്ങൾ നടത്തുകയെന്നതാണ് ഒന്നാം ഉപദൗത്യം വിഭാവനം ചെയ്യുന്നത്.

2) രണ്ടാം ഉപദൗത്യം വനാവരണം വർദ്ധിപ്പിക്കലും ജൈവവ്യവസ്ഥയുടെ പുനർനിർമ്മാണവും ഉദ്ദേശിച്ചിട്ടുള്ളതാണ്. വനവും വനേതരമേഖലയും ഈ ദൗത്യത്തിൽ ഉൾപ്പെടുത്തി യിട്ടുണ്ട്. കണ്ടൽവനങ്ങൾ ഈ ദൗത്യത്തിന്റെ പരിധിയിൽ വരുന്നു.

3) മൂന്നാം ഉപദൗത്യം ലക്ഷ്യം വയ്ക്കുന്നത് നഗര- ഉപനഗര പ്രദേശങ്ങളിൽ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനാണ്.

4) കാർഷിക വനവൽക്കരണവും സാമൂഹ്യവനവത് ക്കരണവും ഉൾപ്പെട്ടതാണ് നാലാം ഉപമിഷൻ. കാർഷിക വനവത് ക്കരണം ത്വരിതപ്പെടുത്തുക, മരങ്ങൾ നട്ട് കാറ്റിനെ ചെറുക്കാൻ ശേഷിയുള്ള സംരക്ഷണകവചം തീർക്കുക, കനാലുകൾ, റോഡുകൾ എന്നിവ യുടെ ഓരത്ത് ലഭ്യമായ പ്രദേശങ്ങളിൽ വൃക്ഷം വെച്ചു പിടിപ്പിക്കൽ എന്നിവയാണ് ഈ ദൗത്യത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കർമ്മ പരിപാടികൾ.

5) ശോഷിത തണ്ണീർതടങ്ങളുടെ പുനർനിർമ്മാണമാണ് അഞ്ചാ മത് ഉപദൗത്യത്തിലൂടെ നടപ്പാക്കു ന്നത്. കായലുകൾ, അന്താരാഷ്ട്ര രാംസാർ കൺവെൻഷൻ അംഗീകൃത തണ്ണീർത്തടങ്ങൾ, വനമേഖലയിലുൾപ്പെട്ട ജലാശയ ങ്ങൾ. ചതുപ്പുകൾ എന്നിവ ഈ ദൗത്യത്തിന്റെ പരിധിയിൽപ്പെടുന്നു.

മേൽ ഉപദൗത്യങ്ങളോടൊപ്പം വനശോഷണകാരകമായ വിറകുപയോഗം

| | | | |
|---|---|---|---|
| | | | പടിപടിയായി കുറച്ചുകൊണ്ട് വരുന്നതിനായി വനാനുബന്ധമേഖലകളിൽ ഇന്ധന ക്ഷമത കൂടുതലുള്ള അടുപ്പുകൾ, എൽ.പി.ജി തുടങ്ങിയവ പ്രചരിപ്പിക്കുന്ന തിനും പാരമ്പര്യേതര ഇന്ധനങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിനും പ്രത്യേകപരിഗണന നൽകുന്നു. |
| (ബി) | നഗര ഹരിതാഭ പരിപാലന പദ്ധതിക്കായും സാമൂഹ്യ വനവൽക്കരണം വ്യാപിപ്പിക്കുന്നതിനായും നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; മൂന്നുകോടി വൃക്ഷത്തൈകൾ നടാനുള്ള പരിപാടിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് അർബൻ ഫോറസ്ട്രി എന്ന പദ്ധതിയിലൂടെ വിവിധ ഏജൻസികളുടെ സഹായത്തോടെ തലസ്ഥാന നഗരത്തെ ഹരിത നഗരമാക്കുന്നതിനുള്ള പദ്ധതി 2014 ൽ ആരംഭിച്ചിരുന്നു. നഗരങ്ങളിലെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനും, മലിനീ കരണം കുറയ്ക്കുന്നതിനും ഹരിതാ ഭാമാക്കുന്നതിനുമായിട്ടാണ് അർബൻ ഫോറസ്ട്രി പദ്ധതി രൂപീകരിച്ചത്. ലഭ്യമായ സ്ഥലങ്ങളിൽ സ്ഥലത്തിന്റെ ഉടമസ്ഥതയുള്ള വകുപ്പുകളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അനുമതിയോട്ടു കൂടിയും വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ച് വരുന്നു. വൃക്ഷത്തൈകൾ നട്ട് പരമാവധി രണ്ട് വർഷം വരെയുള്ള പരിചരണം വനം വകുപ്പ് നടത്തുന്നു. തുടർന്ന് മരങ്ങളുടെ സംരക്ഷണ ചുമതല വൃക്ഷത്തൈകൾ നട്ടിരിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥതയുള്ള വകുപ്പുകൾക്കാണ്.<br>സാമൂഹ്യ വനവത് ക്കരണത്തിന്റെ ഭാഗമായി ലോകപരിസ്ഥിതി ദിനമായ ജൂൺ 5 ന് വിവിധയിനം വൃക്ഷത്തൈകൾ വിദ്യാർത്ഥി കൾക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. വനത്തിന് പുറത്തുള്ള പൊതുസ്ഥലങ്ങളിലും, സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷൻ, സർക്കാർ ഇതര സംഘടനകൾ എന്നിവയുടെ സഹായസഹക രണത്തോടെ സാമൂഹിക വനവൽക്കരണ വിഭാഗം ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ വെച്ചുപിടിപ്പിച്ച് പരിപാലിച്ച് പോരുന്നു. വഴിയോരത്തണൽ, തീരവനം, കട്ടിവനം, |

| | | | |
|---|---|---|---|
| | | | നേച്ചർ അപ്രിസിയേഷൻ സെന്റർ, നക്ഷത്രവനം, ഔഷധത്തോട്ടം തുടങ്ങിയ പദ്ധതികൾ വനവൽക്കരണം ലക്ഷ്യമിട്ട് നടപ്പാക്കിവരുന്നവയാണ്. സ്വകാര്യ ഭൂമികളിൽ വനവൽ ക്കരണം പ്രോൽസാഹിപ്പിക്ക ന്നതിനും തടിഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി 10 ഇനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോൽസാഹനധന സഹായം നൽകിവരുന്നു. വനവൽക്കരണ പ്രവർത്തന ങ്ങളിലും , മറ്റ് പരിസ്ഥിതി സംരക്ഷണമേഖലകളിലും മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന വ്യക്തികൾക്കും/സംഘടനകൾക്കും ജില്ലാ അടിസ്ഥാനത്തിൽ എല്ലാ വർഷവും വനമിത്ര പുരസ്കാരം നൽകിവരുന്നു. കൂടാതെ കാവ്, കണ്ടൽ വനങ്ങൾ എന്നിവ സംരക്ഷിച്ച് പരിപാലിച്ച് പോരുന്ന വ്യക്തി /സംഘടനകൾക്ക് പ്രോൽസാഹന ധനസഹായം നൽകിവരുന്നുണ്ട്.<br>മൂന്നുകോടി വൃക്ഷത്തൈകൾ നടുമെന്ന ബജറ്റ് പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധി ക്കാതെ വന്നത് ഫണ്ടിന്റെ അപര്യാപ്തതമൂലമാണ്. 2017–18 സാമ്പത്തിക വർഷത്തിൽ 14 കോടി രൂപയാണ് സാമൂഹ്യവന വൽക്കരണ വിഭാഗത്തിന് തൈ ഉൽപ്പാദനത്തിനായി അനുവദിച്ചി രുന്നത്. എന്നാൽ 3 കോടി വൃക്ഷത്തൈകൾ തയ്യാറാക്കുന്ന തിനായി 50 കോടി രൂപ വകയിരുത്തേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| (സി) | കാർബൺ ന്യൂട്രൽ വയനാട് എന്ന പ്രഖ്യാപനം നടപ്പാക്കാനായുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; സ്വകാര്യ ഭൂമിയിൽ മരം വച്ചുപിടിപ്പിക്കുന്നവർക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (സി) | വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ പരിധിയി ൽപ്പെട്ട പ്രദേശങ്ങളെയാണ് കാർബൺ ന്യൂട്രൽ പദ്ധതിയ്ക്കായി തിരഞ്ഞെടുത്തിട്ടുള്ളത്. ഈ പദ്ധതിയ്ക്ക് വേണ്ടതായ പ്രാരംഭപ്രവർത്തനങ്ങളും പ്രോജക്ടുകളും മീനങ്ങാടി ഗ്രാമപഞ്ചായത്താണ് നടപ്പിലാക്കിവരുന്നത്. വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ഉൽപാദിപ്പിക്കുന്ന മരത്തൈകൾ ഈ പദ്ധതിയുടെ പ്രവർത്തിയ്ക്കായി ആവശ്യമായി വരുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്ന് പഞ്ചായത്ത് അധികൃതർ വയനാട് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ